കുടുംബാസൂത്രണ പ്രവർത്തനം

* 64. [12] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബാസൂത്രണ പ്രവർത്തനം പൂർവ്വാധികം ഊർജ്ജിതമാക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന് എന്തെല്ലാം നടപടികൾ കൂടുതൽ എടുക്കാനുദ്ദേശിക്കുന്നു;

(സി) കുടുംബാസൂത്രണം സംബന്ധിച്ചുനടത്തിയ പഠനം റിപ്പോർട്ടിലെ പ്രസക്തഭാഗങ്ങൾ എന്തെല്ലാമാണ്;

(ഡി) സംസ്ഥാനത്ത് എത്ര ഫാമിലി പ്ലാനിംഗ് കേന്ദ്രങ്ങൾ ഉണ്ട്;

(ഇ) ഇതുവരെയായി സംസ്ഥാനത്ത് എത്രപേർ വന്ധീകരണ ശസ്ത്രക്രിയ നടത്തിയിട്ടുണ്ട്; ഇതിൽ സ്ത്രീകൾ എത്ര?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) ഉണ്ട്.

(ബി) 10,000 ആളുകൾക്ക് ഒരു ആക്സിലറി നേഴ്സ്, മിഡ് വൈഫ്, 30,000 പേർക്ക് ഒരു ഫാമിലി പ്ലാനിംഗ് ഫീൽഡ് വർക്കർ എന്ന കണക്കിന്, ബ്ലോക്കുകൾ, പ്രൈമറി ഹെൽത്ത് സെൻറുകൾ, അതിന്റെ സബ് സെൻറുകൾ എന്നിവിടങ്ങളിൽ പ്രവർത്തകരെ നിയമിച്ചു കുടുംബാസൂത്രണ പ്രവർത്തനം ഊർജ്ജിതപ്പെടുത്താനാണുദ്ദേശിക്കുന്നത്.

(സി) റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയിട്ടില്ല.

(ഡി) 332.

(ഇ) 40,698 സ്ത്രീകൾ; 14,309.

വന്ധീകരണ ശസ്ത്രക്രിയകൾ

* 65. [28] ശ്രീ. പി. കെ. അബ്ദുൽഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബാസൂത്രണപരിപാടി അനുസരിച്ച് കേരളത്തിൽ എത്ര വന്ധീകരണ ശസ്ത്രക്രിയകൾ നടത്തിയിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രചാരത്തിനുവേണ്ടി ബ്ലോക്ക് പഞ്ചായത്ത് നിലവാരങ്ങളിൽ സാമൂഹ്യപ്രവർത്തകരുടെ ക്യാമ്പുകൾ സംഘടിപ്പിക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) 40,698

(ബി) ബ്ലോക്ക്, പഞ്ചായത്ത് നിലവാരങ്ങളിൽ 60 പേരെ വീതം തിരഞ്ഞെടുത്ത് മൂന്നു ദിവസം വീതം നീണ്ടുനില്ക്കുന്ന പരിശീലനക്യാമ്പുകൾ നടത്തിവരുന്നുണ്ട്. ഇതുവരെ ഇത്തരം 26 ക്യാമ്പുകൾ നടത്തിക്കഴിഞ്ഞു.

ശ്രീ. മാലേത്ത് ഗോപിനാഥപിള്ള: ശസ്ത്രക്രിയയ്ക്ക് വിധേയരായ നാല്പതിനായിരത്തിൽപരം ആളുകളിൽ, ശസ്ത്രക്രിയ വിജയകരമായിട്ടുള്ളതെത്ര, പരാജയപ്പെട്ടതെത്ര എന്നു വല്ല കണക്കും എടുത്തിട്ടുണ്ടോ; കണക്കെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: പ്രത്യേകം സർവ്വെ നടത്തണമെന്നു അഭിപ്രായമില്ല. ഈ ശ്രമം പരാജയപ്പെട്ടതായി അറിവില്ല.

LIBRARY ARCHIVES Kerala Legislative Assembly